(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിൽ 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ 59 സ്കൂൾക്ക് (ഒരു സ്കൂൾ ആരംഭിച്ചിട്ടില്ല) കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകിയിട്ടുള്ളതും ആയത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചും വരുന്നു. തുടർന്ന് 2010-11-ൽ അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകൾക്കും 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളുടേയും കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത 111 സ്കൂളുകൾക്കും 2015-16-ലെ വാർഷിക പദ്ധതിയിൽ സ്കൂൾ ഒന്നിന് സ്കൂൾ ഗ്രാന്റായി 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഹെഡ്മാസ്റ്റർ ഉൾപ്പെടെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിന് എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത 30 സ്കൂളുകൾക്ക് സഹായങ്ങൾ ലഭ്യമാക്കാൻ ആർ.എം.എസ്.എ.-യ്ക്ക് നിർവ്വാഹമില്ല. എങ്കിലും 51 സ്കൂളുകളിൽ ആവശ്യമായ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകൾ

48 (1066) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ എത്ര സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പയ്യന്നൂർ സബ് ജില്ലയിലെ തവിടിശ്ശേരി ഹൈസ്കൂളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2010-11-ൽ അപ്ഗ്രേഡ്ചെയ്ത 2 സ്കൂളുകളും 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 7 സ്കൂളുകളും ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൃഷ്ടിച്ചിട്ടുണ്ട്. 2010-11-ൾ അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 317/2013/പൊ.വി.വ തീയതി, 6-12-2013 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 5 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1) ഒരു എഫ്.റ്റി.എം. എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2011-12-ൽ അപ്ഗ്രേഡ് ചെയ്ത 7 സ്കൂളുകളിൽ സർക്കാർ ഉത്തരവ് (കൈ) നമ്പർ 131/2015/പൊ.വി.വ. തീയതി, 22-5-2015 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 6 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1, ഇംഗ്ലീഷ് -1) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തവിടിശ്ശേരി ഹൈസ്കൂൾ 2011-12-ൽ അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 131/2015/പൊ.വി.വ. തീയതി, 22-5-2015 പ്രകാരം ഒരു ഹെഡ്മാസ്റ്റർ, 6 ഹൈസ്കൂൾ അദ്ധ്യാപകർ (സയൻസ് -1, കണക്ക്-1, സോഷ്യൽ സയൻസ്-1, മലയാളം-1, ഹിന്ദി-1, ഇംഗ്ലീഷ്-1) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർ.എം.എസ്.എ. സ്കൂളുകളിലെ അദ്ധ്യാപകരുടെ കുറവ്

49 (1067) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആർ.എം.എസ്.എ. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(സി) ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത ആർ.എം.എസ്.എ. സ്കൂളുകളുടെ പട്ടിക ലഭ്യമാക്കാമോ ;

(ഡി) കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത സ്കൂളിൽ അദ്ധ്യാപകരെ നിയമിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly